(ഡി) ഇപ്പോൾ ഈ വിഭാഗം ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യം നൽകുന്നുണ്ട് ;

(ഇ) മറ്റു കണ്ടിജൻസി ജീവനക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും കാരായ്മ ജീവനക്കാർക്കും നൽകാൻ തിരുവിതാംകൂർ ദേവസ്വംബോർഡിന് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-ഇ) കാരായ്മ അവകാശമുള്ള ലാവണങ്ങളിലെ നിയമനവും അവരുടെ സേവന വേതന വ്യവസ്ഥകളും സംബന്ധിച്ച് ബഹു. ഹൈക്കോടതിയിലെ ഒ.പി.2916/95, ഒ.പി. 6784/96 എന്നീ കേസ്സുകളിൽ ഒരു വിധി ഉണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട നിയമങ്ങളുടേയും പ്രൊക്ലമേഷനുകളുടേയും വെളിച്ചത്തിൽ ബാധിക്കപ്പെടുന്നവർക്ക് നോട്ടീസ് നൽകി അവരെ കേട്ടതിനുശേഷം, ഒരു തീരുമാനമെടുക്കാനാണ് കോടതി ഉത്തരവായിരിക്കുന്നത്. അതനുസരിച്ച് ദേവസ്വംബോർഡ് നടപടികൾ എടുത്തുവരികയാണ്. ദേവസ്വംബോർഡ് ഇക്കാര്യം പരിശോധിച്ച് തീരുമാനം എടുക്കുന്നതുവരെ നിലവിലുള്ള കാരായ്മ സർവീസ് സംവിധാനം നിലനിർത്തുവാൻ കോടതി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. കോടതിവിധി അനുസരിച്ച് ബോർഡ് നടപടി സ്വീകരിച്ചുവരുന്നതിനാൽ, ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും നിർദ്ദേശമൊന്നും നൽകുവാൻ കഴിയുകയില്ല.

ശബരിമല തീർത്ഥാടകർക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

126 (1181) ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ കുടിവെള്ളം, ഭക്ഷണം, വൈദ്യസഹായം എന്നിവ തീർത്ഥാടകർക്ക് ലഭ്യമാക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കെ.എസ്.ആർ.ടി.സി. എത്ര സ്പെഷ്യൽ ബസ് സർവീസുകൾ നടത്തുന്നുണ്ട് ;

ഉത്തരം

(എ) ശുദ്ധജല വിതരണത്തിനായി നിലവിലുള്ള പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. കൂടാതെ സ്വാമി അയ്യപ്പൻ റോഡിലും അപ്പാച്ചിമേടിലും മരക്കൂട്ടത്തിനും ഇടയ്ക്ക് പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ച് ടാപ്പുകൾ ഘടിപ്പിച്ച് ശുദ്ധജലവിതരണം നടത്തുന്നുണ്ട്. ഇപ്പോൾ ക്ലോറിനേഷൻ നടത്തി അണുവിമുക്തമായ ജലമാണ് വിതരണം ചെയ്യുന്നത്. ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്തജനങ്ങൾക്കു മിതമായ നിരക്കിൽ ഭക്ഷണസാധനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി ഭക്ഷണസാധനങ്ങളുടെ വില ജില്ലാ കളക്ടർ നിശ്ചയിക്കുകയും ഹോട്ടലുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വില വിവരപ്പട്ടിക അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

വില മാത്രമേ ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുവാൻ സ്കാഡുകളെയും നിയോഗിച്ചിട്ടുണ്ട്. വൈദ്യശുശ്രൂഷ ലഭ്യമാക്കുന്നതിന് അതിവിപുലമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മണ്ഡല-മകരവിളക്ക് കാലത്തേക്ക് 114 ഡോക്ടർമാരേയും 192 പാരാമെഡിക്കൽ സ്റ്റാഫിനേയും നിയോഗിച്ചിട്ടുണ്ട്. സന്നിധാനത്തും അപ്പാച്ചിമേട്ടിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന എല്ലാ ഉപകരണങ്ങളും അടങ്ങുന്ന കാർഡിയോളജി യൂണിറ്റുകൾ സജ്ജീകരിച്ചു. ഇതിനായി 32 കാർഡിയോളജിസ്റ്റുകളുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. സന്നിധാനം, അപ്പാച്ചിമേട്, എരുമേലി, പമ്പ ആശുപത്രികളിൽ സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെ ആവശ്യമായ ഡോക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. ആവശ്യമായ മരുന്നും സ്റ്റോക്ക് ചെയ്തിട്ടുണ്ട്. വടശ്ശേരിക്കര, ളാഹ, അഴുത എന്നിവിടങ്ങളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) തീർത്ഥാടകരുടെ ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി. വിവിധ ഡിപ്പോകളിൽ നിന്നും സർവീസുകൾ നടത്തുന്നുണ്ട്. 15-12-1999 വരെ പമ്പയിലേയ്ക്ക് 4500 ട്രിപ്പുകൾ നടത്തിയിട്ടുണ്ട്.

ദേവസ്വംബോർഡുകൾക്ക് ഉപദേശക സമിതി രൂപീകരിക്കാൻ നടപടി

127 (1182) ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാകൂർ, കൊച്ചി ദേവസ്വംബോർഡുകൾക്ക് സംസ്ഥാന, ഗ്രൂപ്പ്, സബ്ഗ്രൂപ്പ്, ക്ഷേത്ര തലങ്ങളിൽ ഉപദേശകസമിതി രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഘടന എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശകസമിതികൾ രൂപീകരിക്കുന്നതിന് ചട്ടങ്ങൾ നിലവിലുണ്ട്. അതനുസരിച്ച് ഉപദേശക സമിതികൾ രൂപീകരിച്ച് അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നുമുണ്ട്. അതാത് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറും സബ്ഗ്രൂപ്പ് ഓഫീസറും ഉൾപ്പെടെ പരമാവധി 15 അംഗങ്ങളും കുറഞ്ഞത് 8 അംഗങ്ങളുമാണ് സമിതിയിൽ ഉണ്ടായിരിക്കേണ്ടത്. അതിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്. അപ്രകാരം തെരഞ്ഞെടുക്കുന്ന സമിതികൾക്ക് ദേവസ്വംബോർഡ് അംഗീകാരം നൽകിവരുന്നുണ്ട്. ഒരു വർഷമാണ് ഉപദേശകസമിതികളുടെ കാലാവധി. കൊച്ചിൻ ദേവസ്വംബോർഡിന്റെ വിവിധ കേന്ദ്രങ്ങളിൽ ക്ഷേത്രക്ഷേമ സമിതികൾ ഇപ്പോൾ നിലവിലുണ്ട്. അതിനാൽ സംസ്ഥാന, ഗ്രൂപ്പ്, സബ്ഗ്രൂപ്പ്, ക്ഷേത്ര തലങ്ങളിൽ ഉപദേശക സമിതികൾ രൂപീകരിക്കാൻ കൊച്ചിൻ ദേവസ്വം ബോർഡിന് ഉദ്ദേശമില്ലെന്ന് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly